മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) 22.12.73 മുതൽ 1.1.74 വരെയുള്ള കാലയളവിൽ ഏതെങ്കിലും ഒരു ദിവസം ഗവൺമെൻറ് സർവ്വീസിൽ താൽക്കാലികസേവനമനുഷ്ഠിച്ച വികലാംഗരെ ഗവൺമെൻറിൻെറ നയപരമായ ഒരു തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ 29.4.74 മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) നിർവാഹമില്ല.

സ്പെഷ്യൽ ആംഡ് വിഭാഗക്കാരുടെ പ്രമോഷൻ സാദ്ധ്യത

* 835 [902] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽപ്പെട്ട സ്പെഷ്യൽ ആംഡ് വിഭാഗക്കാർക്ക് യാതൊരു പ്രമോഷൻ സാദ്ധ്യതകളും ഇല്ല എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് പ്രമോഷൻ സാദ്ധ്യതകളും ഉണ്ടാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സ്പെഷ്യൽ ആംഡ് വിഭാഗക്കാർക്ക് മറ്റു പോലീസ് വിഭാഗങ്ങളെ അപേക്ഷിച്ച് പ്രമോഷൻ സാദ്ധ്യത കുറവാണ്.

(ബി) പുതിയ സായുധ പോലീസ് ബറാലിയൻ നിലവിൽ വരുന്നതോടുകൂടി ഇവരുടെ പ്രമോഷൻ സാദ്ധ്യത വർദ്ധിക്കുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അഡ്വക്കേറ്റ് ജനറൽ ആഫീസിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തിയവർ

1367 [2219] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:

,, റ്റി.കെ. അബ്ദു:

,, എം.കെ. കൃഷ്ണൻ:

,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം നൽകിയ ആരെയെങ്കിലും പിന്നീടു ജോലിയിൽ നിന്നും പിരിച്ചയക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെന്നും എന്തുകാരണത്താലാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കെ.എ. ബാലനെയാണ് അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളത്. സീനിയർ സൂപ്രണ്ടായി നിയമനം ലഭിക്കുന്നതിനുമുമ്പ് എക്സൈസ് ഇൻസ്പെക്ടറായി നിയമിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ ശ്രീ. ബാലനെ തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ശ്രീ. ബാലന്റെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ലെന്ന കാരണത്താൽ എക്സൈസ് ഇൻസ്പെക്ടറായുള്ള ശ്രീ. ബാലന്റെ തിരഞ്ഞെടുപ്പിന് സാധുത നൽകണ്ടായെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ആ ഉത്തരവിന്റെ വെളിച്ചത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസ്തുത തിരഞ്ഞെടുപ്പ് റദ്ദാക്കുകയും ചെയ്തു. ഈ നടപടിക്കെതിരായി ശ്രീ. ബാലൻ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയും അതു കോടതി അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ വിധിക്കെതിരെ സർക്കാർ ഒരു അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ശ്രീ. ബാലന് അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം ലഭിക്കുന്ന സമയത്ത് ഈ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു. അതുകൊണ്ട് അപ്പീലിന്റെ വിധിക്കു വിധേയമായിട്ടാണ് ശ്രീ. ബാലനെ അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമിച്ചത്. അക്കാര്യം നിയമന ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ടായിരുന്നു. 25.8.1978-ൽ ഹൈക്കോടതിയിൽ സർക്കാരിന്റെ അപ്പീൽ അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലനെ പിരിച്ചുവിടുകയും ചെയ്തു.

ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി

1368 [2220] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി ശ്രീ. രവിവർമ്മ, തൽസ്ഥാനത്തു ഒരു വർഷംകൂടി തുടരുന്നതിന് അനുവദിക്കണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ ഗവൺമെന്റ് എന്ത് തീരുമാനമെടുത്തു;

(സി) അദ്ദേഹത്തെ തൽസ്ഥാനത്തു തുടരാനനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. രവിവർമ്മയെ സെക്രട്ടറിയേറ്റിലേക്ക് തിരിച്ചയക്കാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാലും പകരമൊരാളെ നിയമിക്കുന്നതുവരെ തൽസ്ഥാനത്തു തുടരാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly